പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1498 06/03/2017-ൽ മറുപടിക്ക്

കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീ.യു.ആർ. പ്രദീപ് | ശ്രീ. വി.എസ് .സുനിൽ കുമാർ<br>(ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കാർഷിക മേഖലയെ അഭിവൃദ്ധി പ്പെടുത്തുന്നതിനും നിലവിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനും പുതിയ വികസന നയം രൂപീകരി ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) | പൊതുജനാരോഗ്യം മുൻനിർത്തി ജൈവകൃഷിയ്ക്കും നല്ല കാർഷിക പരിചരണ മുറകൾക്കും (Good Agricultural Practices) പ്രാധാന്യം നൽകികൊണ്ട് സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| ബി) | അഗ്രോ സർവ്വീസ് സെന്ററുകൾ കാര്യക്ഷമമാക്കുന്നതിനും അവയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) | അഗ്രോസർവ്വീസ് സെന്ററുകൾ കാര്യക്ഷമമാക്കുന്നതിന് അധിക സേവനങ്ങളായ ബയോഫാർമസി, നഴ്സറി, ത്രീ വീലർ വാഹനങ്ങൾ എന്നിവ തെരെഞ്ഞെടുത്ത സെന്ററുകൾക്ക് അനുവദിച്ചിട്ടുണ്ട്. |
| സി) | കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തുന്നതോടൊപ്പം അവ കേടാകാതെ സൂക്ഷിക്കുന്നതിനും അവയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | സി) | സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള ആറ് കാർഷിക മൊത്തവ്യാപാര വിപണികളിലൂടെയും അഞ്ചു ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലൂടെയും കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനും ന്യായവില ഉറപ്പാക്കുന്ന തിനുമുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും നേരിട്ട് പഴം പച്ചക്കറികൾ ന്യായവില നൽകി സംഭരിച്ച് റീട്ടെയിൽ ഔട്ട്ലെറ്റുകളിലൂടെ ന്യായമായ വിലയ്ക്ക് വില്പന നടത്തുന്നു. വി.എഫ്.പി.സി.കെയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കർഷക വിപണികളിൽ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നു. വില സ്ഥിരതയ്ക്കു വേണ്ടി കാർഷിക വികസന കർഷകക്ഷേമ വകുപ്പിൻെറ വിപണി ഇടപെടൽ പദ്ധതിയിലൂടെ കാർഷികോൽപന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കഴിഞ്ഞ ഓണക്കാലത്ത് |

"ഓണസമൃദ്ധി" എന്ന പേരിൽ കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നീ ഏജൻസികളുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലായി 1350 ഓണവിപണികൾ സംഘടിപ്പിച്ചിരുന്നു. ഇതിലൂടെ കർഷകരുടെ പഴം, പച്ചക്കറികൾ പരമാവധി സംഭരിക്കുന്നതിനും ന്യായമായ വില ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കാർഷികോൽപന്നങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനായി സംസ്ഥാനത്തെ ആറ് കാർഷിക മൊത്തവ്യാപാര വിപണികളിലും കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല പ്രത്യേക നിക്ഷേപനിധിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം എല്ലാ ജില്ലകളിലും അതാതു ജില്ലകളിലെ കാർഷിക വിഭവ സാദ്ധ്യതയ്ക്കനുസരിച്ചുള്ള അഗ്രോ പാർക്കുകൾ ആരംഭിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ശാസ്ത്രസാങ്കേതിക വിദ്യകളുടെ സഹായത്തോടെ നിർമ്മിക്കുവാനും വിപണിയിൽ എത്തിക്കാനുമുള്ള സൗകര്യങ്ങളാണ് ഈ പാർക്കുകളിൽ സർക്കാർ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ മുന്നോടിയായി കഴിഞ്ഞ ഡിസംബറിൽ അഞ്ച് ദിവസം നീണ്ട് നിന്ന അന്താരാഷ്ട്ര ശില്പശാല 'വൈഗ-2017' എന്ന പേരിൽ കൃഷി വകുപ്പ് സംഘടിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ നടന്ന് വരുന്നു.

സെക്ഷൻ ഓഫീസർ